# ബൈബിൾ ട്രൂത്ത്



# അറിയിപ്പ്

ഒന്നിലധികം കോപ്പികൾ കിട്ടുന്നവർ ദയവായി നിങ്ങളുടെ റെജിസ്റ്റർ നമ്പർ സഹിതം എഴുതുക. അതോടൊപ്പം എല്ലാ വായനക്കാരും തങ്ങളുടെ ജില്ല ഏതെന്നു ദയവായി എഴുതി അറിയിക്കുക. മെയിലിങ്ങിനു അതു അത്യാവശ്യമായിരിക്കുന്നു.

## സുവർണ്ണാവസരം

സുവിശേഷവേലയിൽ താൽപര്യവും അഭിരുചിയും സമർപ്പണബോധവുമുള്ള യുവാക്കളെ ക്ഷണിക്കുന്നു. തിരുവനന്തപുരത്തു സ്ഥിര താമസക്കാരായവർക്കുവേണ്ടി ഒരു പ്രത്യേക സെൻറർ ആരംഭിക്കുന്നു. ഉടനെ ബന്ധപ്പെടുക. ചർച്ച് ഓഫ് ക്രൈസ്റ്റ് ബിൽഡിങ്ങ്, സണ്ണി മീഡ്സ് ലൈൻ, പാളയം തിരുവനന്തപുരം-695034. ബന്ധപ്പെടേണ്ട സമയം : **9.30 a. m. to 12.30 p. m.**

എഡിറ്റർ


# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to.

Editor
**THE BIBLE TEACHER**
C-22 N. D. S. E.2
New Delhi-110049

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE | J. C CHOATE

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 6 | January 1993 | No. 10


## എഡിറേറാറിയൽ

സാധാരണയായി നമ്മുടെ നാട്ടിൽ എന്നല്ല എല്ലാ സ്ഥലങ്ങളിലും കാണപ്പെടുന്ന മതഭ്രാന്ത് അപലപിക്കേണ്ടതു തന്നെ. വികാരവും ആവേശവും പ്രകടിപ്പിക്കുന്ന സംഭവങ്ങളുടെ, പ്രാമുഖ്യത എന്തെന്നു പോലും ആളുകൾ തിരിച്ചറിഞ്ഞുകൊണ്ടല്ല പ്രവർത്തിക്കുന്നത്. ഒരു പിതാവിന്റേയും മാതാവിന്റേയും മക്കളായി ജനിച്ചവർക്കിടയിൽ തന്നെ വൈകാരികമായ ഏററു മുട്ടലുകൾ നാം കാണുന്നുണ്ട്. നിസ്സാരമായ കാരണമായിരിക്കും. പക്ഷെ അതുകൊണ്ടുണ്ടാവുന്ന അനന്തര ഫലം വിചിത്രമായി തീരും. അപ്പോൾ പിന്നെ മററുള്ളവരോടു അതിൽ അധികമായിട്ടല്ലേ പ്രതികരിക്കാൻ സാധിക്കൂ. ഇവിടെ നാം ചിന്തിക്കേണ്ടതുണ്ട്; മതം മനുഷ്യ നിർമ്മിതമാണ്. സമുദായങ്ങളും വിഭജന വാദികളുടെ സൃഷ്ടിയാണ്. ദൈവത്തെ സ്നേഹിക്കുന്നവർ സ്വന്തം സഹോദരനെ പകക്കുകയില്ല; യഥാർത്ഥ ദൈവവിശ്വാസി ഏതൊരു മനുഷ്യനേയും സ്നേഹിക്കും. എല്ലാവരും ദൈവത്തിന്റെ സന്താനങ്ങളാണ്. ഭൂമിക്കു വേണ്ടിയോ വെറും കെട്ടിടത്തിന് വേണ്ടിയോ അവകാശങ്ങളുടെ പേരിൽ അടിപിടി കൂടുന്ന സ്വഭാവം ആർക്കും പററിയതല്ല. മററുള്ളവരെ വേദനിപ്പിച്ചു കൊണ്ടു ചെയ്യുന്ന ഒരു മത പ്രവൃത്തിയും ദൈവത്തിന് ഇഷ്ടപ്പെടില്ല എന്നു തീർച്ചയാണ്.

പികെ വർഗീസ്

# സ്നാനം എന്തു ചെയ്യുന്നില്ല?

## J. C. ചോട്ട്

സ്നാനത്തെ കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നുണ്ട്. അത് നമ്മെ രക്ഷിക്കുന്നു എന്നു വേദ പുസ്തകം പഠിപ്പിക്കുന്നു (1 പത്രൊസ് 3:21). രക്ഷിക്കപ്പെടുവാൻ ഒരാൾ വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യണം (മർക്കൊസ് 16:16). അതു പാപങ്ങളുടെ മോചനത്തിനായിട്ടുള്ളതാണ് (പ്രവൃത്തി 2:38). ഒരാളെ ക്രിസ്തുവിനോടും സഭയോടും ചേർക്കപ്പെടുന്നതിനുള്ളതാണ് (റോമർ 6:3,4; 1 കൊരിന്ത്യർ 12:13). വീണ്ടും ജനനം സാദ്ധ്യമാക്കി തീർക്കുന്നതും ഈ പ്രക്രിയ അനുസരിക്കുന്നതു കൊണ്ടാണ് (യോഹന്നാൻ 3:3-5). എങ്ങനെയായാലും സ്നാനം, ഇവയെല്ലാം അതിൽ കൂടുതലും ചെയ്യുന്നു എന്നതു ശരിയാണ്. പക്ഷെ അതിനു മുൻപായി ദൈവ വചനം കേട്ടു ഗ്രഹിച്ച് ദൈവത്തിലും ക്രിസ്തുവിലും വിശ്വസിക്കണം; യേശു ദൈവ പുത്രനാണെന്നു വായ് കൊണ്ട് ഏറ്റു പറയുകയും ചെയ്യണം (റോമർ 10:17; എബ്രായർ 11:6; യോഹന്നാൻ 3:16; ലൂക്കൊസ് 13:3; മത്തായി 10:32-33). ദൈവേഷ്ട പ്രകാരം അനേക കല്പനകളിൽ ഒന്നായ സ്നാനം ഏല്ക്കുന്ന ആൾക്ക് ആ അനുസരണം രക്ഷാകാരണമായി തീർന്നു.

സ്നാനം എന്നതു രക്ഷാ നിബന്ധനയും ദൈവ കല്പനയുമാണെങ്കിൽ, രക്ഷിക്കപ്പെടുവാൻ ഒരാൾ ഇതു അനുവർത്തിക്കേണം. ദൈവ നിർദ്ദേശ പ്രകാരം ഒരാൾ ഇത് അനുസരിച്ചില്ലെങ്കിൽ, അതിനു രക്ഷിപ്പാനോ ക്രിസ്തുവിനോടും അവൻെറ സഭയോടും ചേർക്കപ്പെടുവാനോ സാദ്ധ്യമല്ല. അതു കൊണ്ട് സ്നാനം എന്തെല്ലാം ചെയ്യുന്നില്ല എന്നു നമുക്കു പരിശോധിക്കാം.

സ്നാനം മാത്രം കൊണ്ട് ആരെയും രക്ഷിക്കുന്നില്ല. സ്നാനത്താലോ സ്നാനംകൊണ്ടോ മാത്രം ആരെയെങ്കിലും രക്ഷിക്കുന്നില്ല എന്നു തിരുവചനത്തിൽ നിന്നും ധൈര്യമായി പറയാം. ഒരു വ്യക്തിയുടെ ജീവിതത്തിൽ തിരുവെഴുത്തിലെ ഏക സ്നാനത്തിന് ഫലമുണ്ടാകണമെങ്കിൽ അതിന് മുൻപ് കർത്താവ് പ്രത്യേകമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ അഥവാ നിബന്ധനകൾ പാലിക്കേണ്ടതുണ്ട്. വാസ്തവത്തിൽ ഏതെങ്കിലും ഒരു കാര്യം മാത്രം കൊണ്ട് രക്ഷിക്കുന്നതായി പറയാൻ കഴിയില്ല. എന്നാൽ ഓരോരുത്തരും രക്ഷക്കു വേണ്ടി പറഞ്ഞിട്ടുള്ള എല്ലാ പടികളും പ്രവർത്തിയ്ക്കുന്നതിന്റെ ഫലമായി കിട്ടുന്ന ഒന്നാണ് രക്ഷ.

സ്നാനം കുട്ടികളെ, ശിശുക്കളെ രക്ഷിക്കുന്നില്ല. ഒരിക്കലും അവരെ അതു ചെയ്യിക്കുവാൻ കല്പിച്ചിട്ടില്ല. സ്നാനം ഏല്ക്കുന്നതിന് മുൻപ് ഒരാൾ ദൈവ വചനം കേൾക്കണം; കേട്ടിയാൽ വിശ്വാസം വരണം. ശിശുക്കൾക്കു ഇത് ചെയ്വാൻ കഴിയുകയില്ല (റോമർ 10:17) മർക്കൊസ് 16:16). എന്നാൽ അവരുടെ നിലവാരമെന്ത്? അവർ പാപം ചെയ്തിട്ടില്ല; അവർ നഷ്ടപ്പെട്ടവരല്ല; അവർ സുരക്ഷിതരത്രേ. അവർ നന്മയും തിന്മയും തിരിച്ചറിയുന്ന പ്രായമാകുമ്പോൾ അവർ പാപം ചെയ്തു പാപികളാകുന്നു. അപ്പോഴാണ് അവർക്കു രക്ഷ ആവശ്യം (റോമർ 3:23; റോമർ 6:23).

പ്രായ പൂർത്തിയായ ഒരാൾ പോലും ദൈവേഷ്ടം അറിയുകയോ മനസിലാക്കുകയോ ചെയ്യാതെ സ്നാനമേററാൽ അതുകൊണ്ട് രക്ഷ കിട്ടുകയില്ല. പുതിയ നിയമ പരിവർത്തനങ്ങളിലെല്ലാം തന്നെ വചനം പ്രസംഗിക്കപ്പെട്ടതായും ആളുകൾ അത് കേട്ടു ദൈവ പദ്ധതി അവർ ഗ്രഹിച്ച് കർത്താവിൽ വിശ്വസിച്ച ശേഷമാണ് സ്നാനമേല്ക്കാൻ തയ്യാറായത്. ഉദാഹരണമായി ചിലർ അവരുടെ സ്നേഹിതന്മാരുടെ സ്വാധീന പ്രകാരം സ്നാനമേല്ക്കുന്നു എന്നു വിചാരിക്കുക. അത് രക്ഷക്കുള്ള ഒന്നല്ല.

സ്നാനത്തിന്റെ അർത്ഥമോ ഉദ്ദേശമോ അവർ മനസിലാക്കുന്നില്ല. അവരുടെ സ്നേഹിതന്മാർ ചെയ്തതുകൊണ്ടു അവർ ചെയ്തു എന്നു മാത്രം. രക്ഷയുമായി സ്നാനം ബന്ധപ്പെട്ടിരിക്കുന്നു എന്നു വിശ്വസിക്കാത്ത എത്രയോ പേർ ഉണ്ട്. രക്ഷിക്കപ്പെട്ട ശേഷം യേശുക്രിസ്തു കാണിച്ചു തന്ന ഒരു മാതൃക പിൻപററാനായി മാത്രം ഇതു ചെയ്യുന്നു എന്നതാണ് അവരുടെ വിശ്വാസം. സ്നാനത്തെ സംബന്ധിച്ച് അവർ തെററായി മനസിലാക്കിയിരിക്കുന്നതുകൊണ്ടു അവർ വെള്ളത്തിൽ മുങ്ങിയാൽ പോലും രക്ഷ പ്രാപിക്കുന്നില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സ്നാനം അവരെ രക്ഷിക്കുകയില്ല.

ദൈവത്തിൽ വിശ്വാസമില്ലാതെ സ്നാനമേററാലും ആ സ്നാനം കൊണ്ടു യാതൊരു പ്രയോജനവുമില്ല. അതുപോലെ യേശുക്രിസ്തു ദൈവപുത്രനാണെന്നു ഏററു പറഞ്ഞു അതു ചെയ്താലും ഫലമില്ല. അയാളുടെ ഉള്ളിൽ നല്ല ഉദ്ദേശമായിരിക്കും ഉള്ളതു. പക്ഷെ കർത്താവ് നിർദ്ദേശിച്ചിരിക്കുന്ന മാർഗ്ഗം വിട്ടുകളഞ്ഞാൽ രക്ഷയില്ല എന്നു വ്യക്തം. ഈ അവസരത്തിലും സ്നാനം രക്ഷിക്കുന്നില്ല. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കാൻ സാദ്ധ്യമല്ല എന്നു ബൈബിൾ വ്യക്തമാക്കിയിരിക്കുന്നു (എബ്രായർ 11:6). രക്ഷക്കുവേണ്ടി ഏററുപറയുവാൻ അപ്പൊസ്തലനായ പൗലൊസും പറഞ്ഞിരിക്കുന്നു. യേശു കർത്താവ് എന്നു ലോകത്തോടു ഏററുപറയത്തക്ക വിശ്വാസം ഐത്യോപ്യക്കാരനായ ഷണ്ഡനെപ്പോലെ നമുക്കുവേണം (റോമർ 10:9-10; പ്രവൃത്തി 8).

പാപത്തിൽ നിന്നു തിരിയാതെ, അതായതു മാനസാന്തരപ്പെടാതെയുള്ള സ്നാനവും ആരെയും രക്ഷിക്കുന്നില്ല. ഒരാൾ ഒന്നുകിൽ മാനസാന്തരപ്പെടണം അല്ലെങ്കിൽ നശിച്ചു പോകണം എന്നാണ് കർത്താവ് പ്രസ്താവിച്ചത്. എല്ലായി

ടത്തും എല്ലാവരും മാനസാന്തരപ്പെടുവാനാണ് ദൈവം കല്പിച്ചിരിക്കുന്നതു എന്നു പൌലൊസ് പറയുകയുണ്ടായി (ലൂക്കോസ് 13:3, പ്രവൃത്തി 17:30). പെന്തെക്കൊസ്തു നാളിൽ യെരുശലേമ്മിൽവെച്ച് പത്രൊസും മററു അപ്പൊസ്തലൻമാരും പ്രതിപാദിച്ച ഓരോരുത്തരും മാനസാന്തരപ്പെട്ടു തങ്ങളുടെ പാപമോചനത്തിനായി സ്നാനമേൽക്കുവാൻ ആഹ്വാനം ചെയ്തു (പ്രവൃത്തി 2:38). ഈ അവസരത്തിൽ മാനസാന്തരവും സ്നാനവും നേരിട്ടു ബന്ധപ്പെടുത്തിയാണ് സംസാരിച്ചിരിക്കുന്നതു. ഈ കൽപന അനുസരിക്കുന്നതിൻെറ ഫലമായിട്ടാണ് പാപമോചനം ലഭിക്കുന്നതു. മാനസാന്തരപ്പെടുവാൻ തയ്യാറാകാതെ സ്നാനപ്പെട്ടാൽ പോലും ആ സ്നാനം കൊണ്ട് പാപക്ഷമാപണം കിട്ടുകയില്ല. അതുകൊണ്ടാണ് കർത്താവ് തന്നെ രക്ഷിക്കുന്നതു. വാസ്തവമായും തന്നെ ഒരാൾ അനുസരിക്കുന്നോ ഇല്ലയോ എന്നു ക്രിസ്തുവിനറിയാം. ഓരോരുത്തരും അനുവർത്തിച്ച പ്രവൃത്തികൾ സ്വീകരിക്കുമോ എന്നു തിരിച്ചറിയുവാൻ നമുക്കു തിരുവചനവും തന്നിട്ടുണ്ട്.

കർത്താവിൻെറ അധികാരപ്രകാരം ചെയ്യാത്ത പക്ഷം സ്നാനം ഒരാളെ രക്ഷിക്കുകയില്ല. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും കർത്താവിനാണ് (മത്തായി 28:18). അതുകൊണ്ടു കർത്താവ് പറയുന്ന മാർഗ്ഗപ്രകാരം വേണം നാം എന്തും ചെയ്യുവാൻ. രക്ഷിക്കുന്നതു ക്രിസ്തുവാണ്; രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ നൽകപ്പെട്ട മറെറാരു നാമവുമില്ല (പ്രവൃത്തി 4:12). അതിനാൽ യേശുക്രിസ്തുവിൻെറ അധികാരത്തിൽ നാം പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ നാം സ്നാനമേൽക്കണം (മത്തായി 28:19-20).

ക്രിസ്തീയ ജീവിതത്തിനോ ആരാധനക്കോ പകരമായ ഒന്നാകുന്നില്ല സ്നാനം. അതു വിശ്വസ്തതക്കും പകരമാകുന്നില്ല. പാപം ചെയ്യാതിരിക്കുന്നതിൽ സ്നാനം ഒരാളെ

സഹായിക്കുന്നില്ല ...ദൈവവചനം ശരിയായി പഠിച്ച് മനസിലാക്കിയിട്ട് എടുക്കുന്ന സ്നാനവും അല്ലാതെയുള്ള സ്നാനവുമായി അനേക വ്യത്യാസമുണ്ട്. വചനം അനുസരിച്ചുള്ള സ്നാനം ഏൽക്കുമ്പോൾ അവർ കർത്താവിനോടും സഭയോടും ചേർക്കപ്പെട്ടു യഥാർത്ഥക്രിസ്തീയ ജീവിതം നയിക്കുവാൻ സഹായിക്കപ്പെടുന്നു. ആത്മീയമായ തീരുമാനങ്ങൾ നാം സാമാന്യബുദ്ധി ഉപയോഗിച്ച് വേണം സ്വീകരിക്കുവാൻ.

യാദൃശ്ചികമായി ഒരാൾ ദൈവത്തെ അനുസരിക്കുകയോ രക്ഷ പ്രാപിക്കുകയോ സഭയോടു ചേർക്കപ്പെടുകയോ ചെയ്യുന്നില്ല എന്നു നാം മനസിലാക്കുന്നു. ദൈവേഷ്ടം ഒരാൾ ശരിക്കു മനസിലാക്കി അനുസരിക്കുകയാണെങ്കിൽ ആ വ്യക്തി ഒരിക്കലും ഒരു നാമധേയ വിഭാഗത്തിലോ മനുഷ്യനിർമ്മിത സഭയിലോ എത്തിച്ചേരുകയില്ല. യഥാർത്ഥത്തിൽ ദൈവകൽപനകൾ അതേ പടി അനുസരിച്ചയാൾ അതു തിരിച്ചറിയും; കർത്താവ് അവനെ അറിയും. അവനെ കർത്താവ് രക്ഷിച്ച് അവൻെറ സഭയോടു ചേർക്കും. ആ വ്യക്തി അങ്ങനെ രക്ഷിക്കപ്പെട്ടു എന്ന് അറിയുകയും അവൻ ക്രിസ്തുവിൻെറ സഭയിൽ അംഗമായി ജീവിക്കയും ചെയ്യും.

നിങ്ങൾ വചനപ്രകാരം സ്നാനപ്പെട്ടിട്ടുണ്ടോ ? ഇല്ലെങ്കിൽ നിങ്ങൾ തുടർച്ചയായി ബൈബിൾ വായിക്കുകയും ദൈവവചനത്തിൽ പറഞ്ഞിട്ടുള്ള മാതൃകയിൽ ദൈവത്തെ അനുസരിച്ച് രക്ഷ പ്രാപിക്കാൻ ഉദ്യമിക്കുക. അങ്ങനെ നിങ്ങൾക്കു കർത്താവിൻെറ ഭവനത്തിൽ, ക്രിസ്തുവിൻെറ സഭയിൽ ആയി തീരാം. അതിനു നിങ്ങളെ സഹായിക്കണമെങ്കിൽ ഞങ്ങളെ അറിയിക്കു.

★

## സ്ത്രീകൾക്കുവേണ്ടി

# ബാലിശ കോപാവേശം

ബെററി. B. C.

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

4. അത്യാവശ്യമുള്ള സമയത്തു മാത്രം ഭൗതികമായ ശിക്ഷ നൽകുക; അതും ആത്മനിയന്ത്രണത്തോടും വിധിയോടും കൂടെ വേണം. കുട്ടികളുടെ തലയിലോ ചെവികളിലോ മാതാപിതാക്കൾ പ്രഹരം ഏൽപിക്കരുതു. ദ്രോഹിക്കാവുന്ന ശരീരാവയവങ്ങളിൽ വേദനയുളവാക്കൽ വളരെ ഫലപ്രദമാണ്. പക്ഷെ അത്തരം ശിക്ഷകൾ നിയന്ത്രണവിധേയമായിരിക്കണം. മാതാപിതാക്കളുടെ ശക്തി മുഴുവൻ സംഭരിച്ച് ശിക്ഷിച്ചാൽ കുട്ടികളുടെ ആരോഗ്യത്തെപോലും ബാധിക്കാനിടവരും. കാലുകൾ കൊണ്ടും പാദങ്ങൾ കൊണ്ടും ചവിട്ടി പ്രതിഷേധം അറിയിച്ചുകൊണ്ടിരിക്കുന്നവരിൽ അതേ ഭാഗങ്ങളിൽ ചെറിയ സ്വിച്ചോ മറേറാ ഉപയോഗിച്ച് വേദനിപ്പിച്ചാൽ ഉടനെ തന്നെ അവരുടെ ഈ പ്രശ്നത്തെ നേരെയാക്കാൻ കഴിയും. മുഖം കൊണ്ടോ വായ് കൊണ്ടോ പോരാടിക്കൊണ്ടിരിക്കുന്നവരെ നിയന്ത്രണത്തോടുകൂടിയ പ്രഹരംകൊണ്ട് അടക്കാൻ കഴിയും. പക്ഷെ അതു കടന്നുപോകാതിരിക്കാൻ ശ്രമിക്കണം. ചിലർ ചുണ്ടുകൾ കൊണ്ട് വികൃതി കാണിച്ച് കോപാവേശം കാണിക്കുന്നതു കാണുമ്പോൾ മാതാപിതാക്കൾ പിടിച്ച് ചുണ്ടിൽ അമർത്തി അടിക്കാറുണ്ട്. അതു ചിലപ്പോൾ പല്ലുകൾക്കും മോണക്കും ക്ഷതം വരുത്തിയേക്കും. കൈകൾ കൊണ്ട് തൊഴിക്കുകയും അടിക്കുകയും ചെയ്യുന്നവരേയും തക്കതായ ശിക്ഷ കൊണ്ട് അമർച്ച ചെയ്യണം.

എന്നാൽ ഈ കോപാവേശവും ആക്രമണവും നേരിടുവാനുള്ള ഏറ്റവും നല്ല വഴി, ആദ്യം തന്നെ നിയന്ത്രണം വിടാതെ അവരെ തടയുന്നതിനുള്ള പാടവമാണ്. അതായതു നാം കോപത്തിനു അടിമയാകരുതു. അജ്ഞതയിൽ ആയിരിക്കുന്ന ഈ കുഞ്ഞുങ്ങളെ സംരക്ഷണയോടെ നയിക്കുവാൻ ഉള്ള കടപ്പാട് രക്ഷകർത്താക്കൾക്കു ഉണ്ട്. തിരുവെഴുത്തിൽ വളരെയധികം ഉത്തേജനകരമായ പ്രബോധനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ ഒന്ന് ഇപ്രകാരം പറയുന്നു: പ്രത്യാശയുള്ളേടത്തോളം നിന്റെ മകനെ ശിക്ഷിക്ക, എങ്കിലും അവനെ കൊല്ലുവാൻ തക്കവണ്ണം ഭാവിക്കരുതു (സദൃശ്യവാക്യം 19: 18). ബാലശിക്ഷ അവരുടെ നൻമയെ കരുതി ആകാം. അമിതമായ ശിക്ഷ നാം വിചാരിക്കുന്ന ഫലം കിട്ടാതെ വരും. കുട്ടികളുടെ സ്വഭാവം വ്യത്യസ്തമായി തീരും എന്നു ഓർമ്മിക്കുക. പിന്നീട് നാം അവരെ കുററപ്പെടുത്തിയതുകൊണ്ടു ഫലമില്ല.

കുട്ടികൾ തെററു ചെയ്യുമ്പോൾ അവരെ അച്ചടക്കം ശീലിപ്പിക്കുവാൻ തയ്യാറാകാത്ത മാതാപിതാക്കൾ അവരോടുള്ള സ്നേഹം കൊണ്ടാണ് അങ്ങനെ ചെയ്യുന്നതെന്നാണ് അവർ വിചാരിക്കുന്നതു. പക്ഷെ അവർ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവി അവതാളത്തിലെത്തിക്കും. അനുസരണക്കേടിനു വളം വെച്ചുകൊടുക്കുന്ന ഇവർ പിന്നീട് മക്കളുടെ വഷളത്വം കണ്ട് കരയാൻ കാരണമായി തീരും. അവർ ആത്മീയമായി മരിക്കാതിരിക്കേണ്ടതിന്, അവർ ദൈവമക്കളായി എന്നും ജീവിക്കേണ്ടതിനു അവരെ നിയന്ത്രിക്കണം. നമുക്കു നമ്മുടെ കുട്ടികളെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും വളർത്താം. അങ്ങനെ അവർക്കും നമുക്കും ഒത്തൊരുമിച്ച് പ്രത്യാശയുള്ളവരായി തീരാം.

★

സ്നേഹമുള്ള കൊച്ചു അനിയന്മാർക്കും അനിയത്തിമാർക്കും നിങ്ങളുടെ കൊച്ചേട്ടന്റെ **New year greetings**. ഈ 1993-ാമത്തെ വർഷം മുതൽ ഞാൻ നിങ്ങൾക്കു കൊച്ചു കഥകൾ പറഞ്ഞുതരുവാൻ തീരുമാനിച്ചിരിക്കുകയാണ്. ദൈവം അതിനു സഹായിക്കട്ടെ. ഈ കൊച്ചു ചേട്ടനു, നിങ്ങൾക്കു കഥകൾ പറഞ്ഞു തരുവാനുള്ള ബുദ്ധി ദൈവം നൽകണമേ എന്നു നിങ്ങളും ഈ കൊച്ചേട്ടനുവേണ്ടി പ്രാർത്ഥിക്കണം. പ്രാർത്ഥിക്കുമല്ലൊ ?

യേശുക്രിസ്തുവിനു കൊച്ചനിയൻമാരെയും അനിയത്തിമാരെയും വളരെ ഇഷ്ടമായിരുന്നു കേട്ടോ. വല്യ ചേട്ടൻമാരെപ്പോലും ശിശുക്കളെപ്പോലെയാകണം എന്നു പഠിപ്പിച്ചിട്ടുണ്ട്

ഈ പുതിയ വർഷം നിങ്ങൾ എല്ലാവരും പ്രാർത്ഥനയോടെ തുടങ്ങണം; നിങ്ങളുടെ ജീവിതത്തിൽ പ്രാർത്ഥന വളരെ ആവശ്യമുള്ളതാണു. ദിവസേന മൂന്നു പ്രാവശ്യം ഭക്ഷണം കഴിക്കുന്നില്ലേ ? ദിവസേന ഒരു പ്രാവശ്യമെങ്കിലും നിങ്ങൾ പ്രാർത്ഥിക്കുന്നുവോ ? ഞാൻ ഒരു കൊച്ചനിയന്റെയും അനിയത്തിയുടെയും കഥ നിങ്ങളോടു ആദ്യമായി പറയാം.

ഒരു ഗ്രാമത്തിൽ വളരെ പാവപ്പെട്ട കൊച്ചനിയനും അനിയത്തിയും ഉണ്ടായിരുന്നു. അവരുടെ പപ്പക്കു കൂലിപ്പണിയാണു. വളരെ ബുദ്ധിമുട്ടിലാണു അവരുടെ ജീവിതം. എന്നാലും അവർ ദിവസേന പ്രാർത്ഥിക്കും. അങ്ങനെ അവർ ജീവിക്കുമ്പോൾ അവർ പുതിയതായി ഒരു സ്ക്കൂളിൽ പഠിക്കുവാൻ ചേർന്നു. അവരുടെ പപ്പ പുസ്തകവും

പേനയും എല്ലാം മേടിച്ചുകൊടുത്തു. പക്ഷെ പുത്തൻ വസ്ത്രം മേടിക്കുവാൻ പപ്പയുടെ കൈയിൽ പൈസയില്ല എല്ലാ പൈസയും തീർന്നു. അതുകൊണ്ട് ഈ കൊച്ചനിയനും അനിയത്തിക്കും പുതിയ വസ്ത്രം കിട്ടിയില്ല.

പക്ഷെ പപ്പയും മമ്മിയും കുട്ടികളോടു "മക്കളേ യേശു അപ്പച്ചനോടു ചോദിക്കുക നമുക്കു യേശു അപ്പച്ചൻ അവൻെറ ഇഷ്ടപ്രകാരം എന്തു അപേക്ഷിച്ചാലും തരും എന്നു പറഞ്ഞിട്ടുണ്ട്" അതുകൊണ്ടു യേശു അപ്പച്ചനോടു ചോദിക്കൂ എന്നു പറഞ്ഞു.

കൊച്ചനിയനും അനിയത്തിയും ദിവസേന പ്രാർത്ഥി ച്ചു. പക്ഷെ പുതിയ ഉടുപ്പു കിട്ടിയില്ല. എന്നാലും അവർ പ്രാർത്ഥന നിർത്തിയില്ല.

രണ്ടു ദിവസം കഴിഞ്ഞിട്ടു സ്ക്കൂൾ തുടങ്ങുവാൻ പോകുകയാണു. അവർ പപ്പയോടു ചോദിച്ചു, "പപ്പാ യേശു അപ്പച്ചൻ പുതിയ ഉടുപ്പു തന്നില്ലല്ലോ" പപ്പ പറഞ്ഞു. "യേശു അപ്പച്ചനോടു ചോദിക്കുക തീർച്ചയായും യേശു അപ്പച്ചൻ തരും".

അവർ പിന്നെയും പ്രാർത്ഥിച്ചു.

അന്നു രാത്രി നല്ല മഴയായിരുന്നു. എന്നാലും അവർ ആ സമയത്തു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ആ സന്ദർഭ ത്തിൽ ഒരു മനുഷ്യൻ മഴ കാരണം അവരുടെ വീട്ടിൽ കയറി നിന്നു, ആ കൊച്ചനിയൻെറ മമ്മിയും പപ്പയും ആ മനുഷ്യ നെ വീടിൻെറ അകത്തു കയറിയിരിക്കുവാൻ പറഞ്ഞു, അപ്പോൾ ആ മനുഷ്യൻ കൊച്ചനിയൻെറയും അനിയത്തിയു ടെയും പ്രാർത്ഥന കേട്ടുകൊണ്ടിരുന്നു. ആ മനുഷ്യൻ ഒരു തുണി വ്യാപാരം ചെയ്യുന്ന ഒരു ക്രിസ്ത്യാനിയായി രുന്നു.

പിറെറ ദിവസം രാവിലെ ഇതാ ആ മനുഷ്യൻ അവരുടെ വീടിൻെറ മുന്നിൽ നിൽക്കുന്നു. കൈയിൽ രണ്ടു പൊതികളും. അതിൽ കൊച്ചനിയനും അനിയത്തിക്കുമാവശ്യമുള്ള രണ്ടു വസ്ത്രങ്ങൾ വീതം ഉണ്ട്.

കണ്ടോ ! അവർ ഒരു വസ്ത്രം ചോദിച്ചപ്പോൾ ദൈവം രണ്ടു വസ്ത്രങ്ങൾ അവർക്കു കൊടുത്തു.

കൊച്ചനിയൻമാരും അനിയത്തിമാരും ദൈവത്തോടു ദിവസേന പ്രാർത്ഥിക്കുക.

പ്രാർത്ഥന ശക്തിയുള്ളതാണെന്നു ഇപ്പോൾ മനസ്സിലായില്ലേ ? പ്രാർത്ഥനയിൽ ഈ കൊച്ചേട്ടനെ ഓർക്കാൻ മറക്കരുത്. ചേട്ടൻ നിങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കാം.

എന്നു

നിങ്ങളുടെ പ്രിയപ്പെട്ട

കൊച്ചേട്ടൻ

★

# ദൈവീക പാലം

## കിപ്പി. മീയേഴ്സ്

നിലത്തെ പൊടിയിൽ നിന്നു ദൈവം മനുഷ്യനെ മെനഞ്ഞെടുത്തപ്പോൾ അതു നല്ലതു എന്നു അവൻ കണ്ടു (ഉൽപത്തി 2:7). പുരുഷൻെറ ഒരു വശത്തെ വാരിയെല്ലിനെ എടുത്തു സ്ത്രീ രൂപമാക്കിയപ്പോൾ അതു വളരെ നല്ലതു എന്നു കണ്ടു. പിന്നീട് അവൻ അവരെ അവർക്കു വേണ്ടി ഉണ്ടാക്കിയതായ ആ പ്രത്യേക തോട്ടത്തിൽ ആക്കി.

തോട്ടം മനോഹരവും തികവുള്ളതും ആയിരുന്നു. ആ ദമ്പതികൾ ദൈവസാന്നിദ്ധ്യത്തിലായിരുന്നതിനാൽ ആ ബന്ധത്തിൽ നിന്നും ഉളവായ അനുഗ്രഹങ്ങൾ അവർക്കു ആസ്വദിക്കാൻ കഴിഞ്ഞിരുന്നു. ഈ ഏർപ്പാട് പൂർണ്ണമാകുവാൻ ദൈവം മനുഷ്യരുടെ പ്രയോജനത്തിനായി ഒരു നിയമവും കൊടുത്തു. എന്നാൽ അവർ തിരഞ്ഞെടുത്തതു ലംഘനമായിരുന്നു (ഉൽപത്തി 2;16-17; 3:6). അങ്ങനെയാണ് ആദ്യത്തെ പാപം ചെയ്യുന്നത് (1 യോഹന്നാൻ 3:4).

നിയമലംഘനത്തിനുശേഷം അവർക്കുണ്ടായ വലിയ അനന്തരഫലം എന്തെന്നു നോക്കിയാൽ അവർ ദൈവത്തോടു കൂടെയായിരുന്നപ്പോൾ സ്വാഭാവികമായും ഉണ്ടായിരുന്ന അനുഗ്രഹത്തിൽ നിന്നും ദൈവത്തിൽ നിന്നു പോലും അവർ വേർപെട്ടുപോയി എന്നതാണ്. ദൈവം പാപം ചെയ്ത മനുഷ്യരെ തോട്ടത്തിൽ നിന്നു പുറത്താക്കുകയും അവർ വീണ്ടും അതിൽ കയറാതിരിപ്പാൻ കാവൽക്കാരനെയും ആക്കി (ഉൽപത്തി 3:24).

ദൈവത്തിൻെറ പക്ഷത്തു നിന്നും സ്വേച്ഛാപരമായി ചെയ്ത ഒരു പ്രവൃത്തി ആയിരുന്നില്ല അതു. ദൈവസ്വഭാവം തന്നെ പരിശുദ്ധിയും നൻമയും ആണ്. കാന്തങ്ങളുടെ ഉത്തരധ്രുവങ്ങൾ തമ്മിൽ അവയുടെ സ്വഭാവത്താൽ വികർഷിക്കുന്നതുപോലെ ദൈവസ്വഭാവത്തോടു നേരിട്ടുള്ള എതിർപ്പു പ്രകടിപ്പിക്കുന്ന പ്രവൃത്തിയാണ് പാപം. അതുകൊണ്ട് അവൻെറ സന്നിധിയിൽ പാപത്തിന് സ്ഥാനമില്ല. പാപം സൃഷ്ടിയെ സൃഷ്ടികർത്താവിൽ നിന്നു അകററുന്നു. (യെശയ്യാവ് 59:1-2).

മനുഷ്യൻെറ പാപം അവനെയും ദൈവത്തെയും തമ്മിൽ അകററിയപ്പോൾ ദൈവം താഴോട്ടു നോക്കിയപ്പോൾ മനുഷ്യൻെറ ശോചനീയമായ അവസ്ഥ കണ്ടു. മനസ്സലിവും അനുകമ്പയും തോന്നിയ ദൈവം ഈ വിടവുണ്ടാക്കിയത് മനുഷ്യനായിരുന്നിട്ടു പോലും അതു നികത്തുവാൻ ആഗ്രഹിച്ചു.

പക്ഷെ ദൈവ സ്വഭാവം ഇങ്ങനെയിരിക്കെ ഏതെങ്കിലും ഒരു പൊരുത്തപ്പെടൽ നടത്തി മനുഷ്യരെ തങ്ങളുടെ പാപങ്ങളിൽ നിന്നും വിടുവിക്കണം. അതിനായി, മനുഷ്യർക്ക് ദൈവ സന്നിധിയിലേക്ക് പ്രവേശിക്കുവാൻ ഒരു പാലം പണിയുവാൻ തീരുമാനിച്ചു. ആ പാലത്തിൽ കൂടെ അന്തിമമായി ദൈവത്തോടു അടുക്കുവാൻ അഥവാ മടങ്ങി വരുവാൻ അവസരം ഒരുക്കി.

ദൈവത്തിൽ നിർമാർജ്ജനം ചെയ്യേണ്ട പാപം ഒന്നും ഇല്ലായിരുന്നു. മനുഷ്യനാണു ദൈവത്തെ വിട്ടുപോയതു. ആകയാൽ മനുഷ്യനാണ് മടങ്ങിച്ചെല്ലേണ്ടതു. എന്നിട്ടും മനുഷ്യന്റെ സ്വതന്ത്രചിന്താശക്തിക്ക് ഹാനി വരുത്താതെ നഷ്ടപ്പെട്ട ബന്ധം പുനഃസ്ഥാപിക്കുവാൻ ദൈവത്താൽ കഴിയുന്നതെല്ലാം ചെയ്തു.

പാലം, ഒരു കരയിൽ നിന്നു മറുകരയിലേക്ക് പ്രവേശിക്കുന്നതിനാണല്ലൊ. സ്നേഹമാണ് ഇതിനു കാരണമായി തീർന്നതു. മനുഷ്യന്റെ പാപസംബന്ധമായ അവസ്ഥയിൽ യാതൊരു പ്രതീക്ഷയുമില്ലാതെ കഴിയുന്നതു കണ്ടപ്പോൾ ദൈവത്തിനു സഹതാപം തോന്നി. മനുഷ്യനു സ്വയമായി ഒന്നും ചെയ്വാൻ കഴിയുകയില്ല എന്നു ദൈവത്തിനറിയാമായിരുന്നു. ഈ ഭയാനകമായ സ്ഥിതിയിൽ അവനെ സഹായിക്കുവാൻ ദൈവത്തിനു എന്തെങ്കിലും ചെയ്തേമതിയാകൂ. "തന്റെ ഏകജാതനെ നൽകുവാന്തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). ആ സ്നേഹം പ്രകടിപ്പിച്ചില്ലായിരുന്നെങ്കിൽ ലോകത്തുള്ള മനുഷ്യർ അവരുടെ പാപങ്ങളിൽ മരിച്ചുപോകും. ഈ നിത്യനാശം ഒഴിവാക്കുവാൻ ദൈവസ്നേഹം അനിവാര്യമായി തീർന്നു.

ദൈവത്തിനു തന്റെ സന്താനങ്ങളോടു സ്നേഹമുണ്ട്. എന്നാൽ ആ സ്നേഹം വെച്ചുകൊണ്ടു അടങ്ങിയിരിക്കുവാൻ സാദ്ധ്യമല്ലല്ലൊ. പ്രവൃത്തിയോൻമുഖമായ ഒന്നാണ് ദൈ

വീക സ്നേഹം. വിയററ്നാം യുദ്ധത്തിൽ തടവുകാരായി പിടിക്കപ്പെട്ട പുരുഷൻമാരുടെ സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരോടുള്ള അവരുടെ സ്നേഹവും വെച്ച് അടങ്ങിയിരുന്നില്ല. ഗവൺമെൻറ് എന്തെങ്കിലും ചെയ്യട്ടെ എന്നു കരുതി അവർ വെറുതെ ഇരുന്നില്ല. അവർ പരാതികളും ജാഥകളുമായി ഗവൺമെൻറിനെ എപ്പോഴും അലോസരപ്പെടുത്തിയിരുന്നു. ഇതെല്ലാം അവർക്കു തങ്ങളുടെ ഭർത്താക്കൻമാരോടുള്ള സ്നേഹാദരവാണ് സൂചിപ്പിക്കുന്നതു. നാം പാപികളായിരിക്കുമ്പോൾ തന്നെ ദൈവം തൻെറ പുത്രനെ അയച്ചതു നമ്മോടുള്ള സ്നേഹം പ്രദർശിപ്പിക്കുവാനാണ് (റോമർ 5:8-9).

ഫാലത്തിൻെറ മററൊരു കണ്ണി, കരുണയാണ്. അശരണരെയും പീഡിതരേയും അവരുടെ സങ്കടങ്ങളിൽ നിന്നും ആശ്വസിപ്പിക്കുന്ന ഒരു ദയവിനെയാണ് കരുണ അർത്ഥമാക്കുന്നതു. നമ്മുടെ ദൈവം കാരുണ്യവാനാണ്.

സമൃദ്ധിയിൽ ജീവിക്കുന്ന നിങ്ങൾ നിങ്ങളുടെ വീട്ടിൽ കുളിരുള്ള സമയത്തു കമ്പിളി വസ്ത്രങ്ങളുമായി ചൂടുള്ള കാപ്പിയോ ചായയോ കുടിച്ചു എന്തെങ്കിലും കഴിച്ചുകൊണ്ടിരിക്കുകയാണെന്നു കരുതുക. വീട്ടിനു പുറത്തു കീറിപ്പറിഞ്ഞ വസ്ത്രങ്ങളുമായി വിശന്നു പൊരിഞ്ഞ വയറുമായി നിൽക്കുന്ന ആ വൃദ്ധനെ കണ്ട് നിങ്ങൾ അയാൾക്ക് നല്ല വസ്ത്രവും ആഹാരവും കൊടുത്തുവിടുമ്പോൾ നിങ്ങൾ അയാളോടു കാരുണ്യപൂർവ്വം പെരുമാറുന്നു. നിങ്ങൾ അയാളെ കുറിച്ചു കരുതലുള്ള വ്യക്തിയായതുകൊണ്ടാണ് അങ്ങനെ ചെയ്തതു. അതുപോലെ പാപത്തിൽ മുങ്ങി ജീവിക്കുന്ന മനുഷ്യൻെറ പരിതാപകരമായ അവസ്ഥയിൽ രക്ഷപ്പെടുവാൻ മാർഗ്ഗം കാണാതെ വിഷമത്തിലായ നരനെ കണ്ട് ദൈവത്തിന് കരുണ തോന്നി. നമ്മെ അതിൽ നിന്നും കര കയററുവാൻ ഇടയായതു ദൈവികകാരുണ്യം നിമിത്തമാണ്.

മററൊരു കണ്ണി ദൈവത്തിന്റെ കൃപയാണ് ദൈവത്തിന്റെ കരുണ ഒരു വഴി തുറന്നതുപോലെ, കരുണ, കൃപയിലേക്കുള്ള ഒരു വഴിയായി. കരുണയുടെ സ്വാഭാവിക ഫലമായിരുന്നു കൃപ. തന്റെ കൃപയാലാണ് ദൈവം തന്റെ ദയ പ്രകടിപ്പിച്ചതു. കൃപ എന്നു പറഞ്ഞാൽ ആനുകൂല്യം. ഞാൻ നിങ്ങൾക്കു ഒരു ആനുകൂല്യം ചെയ്യുന്നുവെങ്കിൽ ഒരു നല്ല പ്രവൃത്തിയാണ് ഞാൻ ചെയ്യുന്നതു. ആ കൃപ ദൈവം ദാനമായിട്ടാണ് തരുന്നതു. മനുഷ്യനു അതിന് അർഹതയുണ്ടായിട്ടല്ല; പിന്നെയോ മനുഷ്യനു അതു ആവശ്യമായി വന്നു. ദൈവകൃപ നമ്മെ രക്ഷിക്കുന്നു (എഫേസ്യർ 2:8; റോമർ 5;1-2). അനർഹരായ നമുക്കു ദൈവം തന്റെ പുത്രനെയും രക്ഷാനിർദ്ദേശത്തേയും നൽകി എന്നതു പ്രസ്താവ്യമത്രെ.

മനുഷ്യരിൽ നിന്നും ഉണ്ടാകേണ്ട കണ്ണി, വിശ്വാസവും അനുസരണവുമാണ്. നമ്മെ വീണ്ടെടുക്കുവാൻ ദൈവം എല്ലാം ചെയ്തു. ഇനി നാം എന്താണ് ചെയ്യേണ്ടതു എന്നു തിരിച്ചറിയണം. കൃപ, ദാനമാണ്, ആ ദാനമായ രക്ഷ എന്ന അനുഗ്രഹം നാം കൈ നീട്ടി വാങ്ങണം. വിശ്വാസം എന്ന വഴിയിൽ കൂടെ വേണം, കൃപയാൽ വിശ്വാസം മൂലം സൗജന്യമായി നാം അതു കരസ്ഥമാക്കുവാൻ (റോമർ 5:2).

ദൈവം നിർമ്മിച്ച പാലത്തിൽ കൂടെ ക്രിസ്തുവോടുകൂടെ സഞ്ചരിക്കുവാൻ നമുക്കു ഉറപ്പുള്ള വിശ്വാസം വേണം. ശരിയായ നിർപ്പ് ദൈവപ്രസ്നേഹത്താലും കരുണയാലും കൃപയാലും ഒരുക്കി. എന്നാൽ ഇവയിൽ നമുക്ക് എത്രമാത്രം ആശ്രയം ഉണ്ട്? അവിശ്വാസമുള്ളവരോ, ഭയമുള്ളവരോ, സംശയമുള്ളവരോ ധൈര്യമായി ഈ പാലത്തിൽ കയറുകയില്ല. ചിലർ പറയാറുണ്ട്. ഞാൻ ഘോരപാപിയാണ്; എനിക്കു ക്ഷമാപണം കിട്ടും എന്നുറപ്പില്ല; മററു ചിലർ സമൂഹത്തേയും സമുദായത്തേയും ഭയപ്പെടും. വേറെ ചിലർക്ക് പാലത്തിന്റെ അങ്ങേയററം കാണാൻ കഴിയാത്തതുകൊ

ണ്ട് കയറുകയില്ല. ഇടയ്ക്കു വീണു പോകുമോ എന്ന സംശയം ഉള്ളവരുമുണ്ട്. എന്നാൽ യേശുക്രിസ്തുവിൽ വിശ്വാസം അർപ്പിച്ചാൽ ഏതു പാപത്തെയും അവൻ ക്ഷമിക്കും. മനുഷ്യരെ ഭയപ്പെടേണ്ടതില്ല. ആദ്യം മറുകര കാണാൻ കഴിയുകയില്ല. കുറെ ദൂരം സഞ്ചരിച്ചു കഴിഞ്ഞാൽ എല്ലാം ദൃശ്യമാകും. അന്നു എല്ലാം മുഖാമുഖമായി കാണാം. ദൈവവചനത്തിൽ വേരൂന്നി ഉറപ്പുള്ള പാലത്തിൽ കയറുവാൻ നിങ്ങൾക്കു ധൈര്യമുണ്ടോ ? ഉണ്ടാകണം. എങ്കിൽ നിങ്ങൾ രക്ഷപ്പെടും.

ഭയമോ അവിശ്വാസമോ സംശയമോ നിങ്ങളിൽ ഉണ്ടെങ്കിൽ നിങ്ങൾ പാലത്തിൽ കയറുകയില്ല. പാലത്തിന്റെ ശക്തി ആരിൽ ആണെന്നു ആദ്യമായി ഉറപ്പുവരുത്തണം. ചുററുപാടും നോക്കുന്നതുകൊണ്ട്, നിങ്ങളുടെ മനസിനെ സ്ഥിരമായി നിർത്തുവാൻ കഴിയാത്തതുകൊണ്ട് സംഭവിക്കുന്ന നിഷ്ക്രിയത്വം വിട്ടുകളയണം. സർവ്വതിനും മതിയായ ദൈവത്തെയും അവന്റെ ആജ്ഞയെയും മുൻകണ്ടുകൊണ്ടുവേണം അക്കരെ കടക്കുവാൻ.

അദൃശ്യമായ ദൈവത്തെ മുറുകെ പിടിക്കയും ദൈവകൽപനകളെ അനുസരിക്കുകയും ചെയ്യണം. വിശ്വാസത്തോടുകൂടിയ അനുസരണം ദൈവിക പാലത്തിൽ കൂടെ കടക്കുവാൻ ഒരാൾക്കുവേണം. മറെറന്തു പ്രവൃത്തികളും ഇതിനുപകരം ചെയ്യാമെന്നു ധരിക്കരുതു. അങ്ങനെ വിചാരിച്ചാൽ ദൈവികപാലത്തിനു സമാന്തരമായി നാം പാലം പണിയുകയായിരിക്കും. അങ്ങനെ പണിതാൽ അതിനു നിലനിൽപില്ല. നമ്മെ കരം തന്നു വഴി നടത്തി സ്വർഗ്ഗത്തിലേക്കുകൊണ്ടു പോകുവാൻ ഒരുക്കിയ പാലം എത്ര അനിവാര്യമാണെന്നു ചിന്തിക്കുക. അതിൽ കൂടെയുള്ള സഞ്ചാരം നിങ്ങളുടെ നൻമയ്ക്കുവേണ്ടിയാണെന്നു ഓർമിക്കുമല്ലോ.

★

# ദിവ്യദർശനം

## വൈ. പുഷ്പ. മൈലക്കാട്

**കഥ**

യെരുശലേമിനു സമീപമുള്ള, യെരീഹോവെന്ന മനോഹരഗ്രാമം. ഒലിവ് വൃക്ഷങ്ങളും ഈന്തപ്പനകളും തിങ്ങിനിറഞ്ഞ തോട്ടത്തിന് നടുവിൽ കൂററൻ മണിമാളിക; അതാണ് സക്കായിയുടെ ബംഗ്ലാവ്! ചുങ്കക്കാരനായ സക്കായി. അയാൾ മുററത്തു കൂടെ ഉലാത്തുന്നു. ആരുടെയോ വരവിനായി ഉററു നോക്കുന്ന മുഖം. അയാൾ ആത്മഗതം ചെയ്തു. "തന്റെ ഭവനം ഒരുങ്ങിക്കഴിഞ്ഞു". അടുക്കളയിൽ നിന്നും വിഭവങ്ങളുടെ മണം അന്തരീക്ഷത്തിലേക്ക് ഒഴുകി എത്തുന്നു, വിശിഷ്ട അതിഥിക്ക് വേണ്ടി വിരുന്ന് ഒരുങ്ങിക്കഴിഞ്ഞു. സക്കായി പാചകശാലയിലേക്ക് നടന്നു. ഒരുക്കങ്ങൾ നേരിട്ട് കണ്ടു. പാല് അടയും, വീഞ്ഞും, ഗോതമ്പ് റൊട്ടിയും വെണ്ണയും പാത്രങ്ങളിൽ പകർന്നു വച്ചു. എണ്ണയിൽ വറുത്ത മീനും മുട്ടയും തളികയിൽ നിരന്നു കഴിഞ്ഞു. അയാൾ തന്റെ ദാസരെ അഭിനന്ദിച്ചു. "ഭേഷ്! നമ്മുടെ വിശിഷ്ടാതിഥി ആരാണെന്നറിയാമല്ലോ? ഒന്നിനും ഒരു കുറവും വരുത്തരുത്". സക്കായി തന്റെ ഭാര്യയെ ഓർമ്മപ്പെടുത്തി. എല്ലാവരും ആകാംഷാഭരിതരാണ്. എങ്ങും സന്തോഷം ഓളം തല്ലുന്ന കണ്ണുകൾ. പ്രതീക്ഷാനിർഭരമായ മുഖങ്ങൾ. എന്തിന് തന്റെ വേലക്കാർ പോലും ആഹ്ലാദവാൻമാരാണ്.

തുടി കൊട്ടുന്ന ഹൃദയവുമായി അയാൾ തന്റെ വീട്ടിനുള്ളിൽ ഓടി നടന്നു. അതിഥിക്ക് പാദം കഴുകാൻ വെള്ളം കൽഭരണിയിൽ കോരി വച്ചു. പനിനീർപ്പൂവിൻ ദളങ്ങളിട്ട വെള്ളം കൽഭരണിയിൽ നിറച്ചു. ദിവ്യാതിഥിയ്ക്ക് രാജകീയ ഇരിപ്പിടം ഒരുക്കി. അതിൽ പട്ടുവസ്ത്രം വിരിച്ചു.

വശങ്ങളിൽ സ്വർണ്ണ തൂന്നലുകളുള്ള വിരിപ്പ് ? മുമ്പിലുള്ള പീഠം പൂക്കളാൽ അലങ്കരിച്ചു. വെള്ളിത്താലങ്ങളും സ്വർണ്ണ ക്കാസകളും നിരത്തി. അതിഥിയ്ക്ക് സ്വാഗതമോതുന്ന ഒലിവിലകം മുററത്തുള്ള അത്തിവൃക്ഷത്തിൽ തൂക്കിയിട്ടു. "ഞാനും കുടുംബവും അവിടത്തെ വരവിനായി ഒരുങ്ങി ക്കഴിഞ്ഞു". അയാളം ആത്മഗതം ചെയ്തു. സക്കായി യുടെ ചിന്തകൾ തന്റെ ഭൂതകാലത്തിലേയ്ക്ക് തിരി ഞ്ഞു. തന്റെ ഉയർന്ന ഉദ്യോഗം, സുന്ദരിയും സുശീലയു മായ ഭാര്യ, മിടുക്കരായ പുത്രൻമാർ; എന്താജ്ഞയും സാധി ക്കാൻ സന്നദ്ധരായ ദാസർ, ആട്ടിൻ പററങ്ങളും, വയലും മാളിക വീടും. അങ്ങനെ എല്ലാ ഭൗതിക സുഖങ്ങളാലും സമ്പ ന്നനായ സക്കായി എന്ന താൻ ! പക്ഷേ ഒന്നില്ലായിരുന്നു. സമാധാനം ! തന്നെയും തന്റെ തൊഴിലിനേയും വെറുത്തി രുന്ന നാട്ടുകാർ, പുറത്തേയ്ക്കിറങ്ങുമ്പോൾ, അവരുടെ തുറിച്ചു നോട്ടത്താൽ താൻ നിരന്തരം വേട്ടയാടപ്പെട്ടു. "കരം പിരിവ് (ചുങ്കം പിരിവ്) എന്ന് പറഞ്ഞാലെന്താ ? പിടിച്ച് പറിയ്ക്ക് തുല്യമാ അത്. രണ്ട് ഗോതമ്പ് അട വാങ്ങാനായി കരുതിയിരുന്ന ഒരൊററ നാണയമാണ് താൻ ചുങ്കമെന്ന പേരും പറഞ്ഞ് എന്നിൽ നിന്നും റാഞ്ചുന്നത്; എന്റെ മക്ക ളിന്ന് പട്ടിണിയാ" കരം തരുന്നതിനിടെ ഒരു വൃദ്ധ സ്ത്രീയുടെ ജൽപനങ്ങൾ. തന്നെ എപ്പോഴും പിന്തുടരുന്നു ണ്ടായിരുന്നു അവരുടെ പരിഭവം. അങ്ങനെ എത്രയെത്ര മി ഴിനീരുകൾക്ക് താൻ-അല്ല തന്റെ ജോലി കാരണമായി. അങ്ങ നെ ഖിന്നമായ മനസ്സുമായല്ലേ താനന്ന് നടന്നു നീങ്ങിയത്. അപ്പോൾ അതാ ദൂരെ ഒരാരവം. "അതെന്താ അവിടെ ബഹളം ? അരികിലുണ്ടായിരുന്ന പരീശനോട് ആരാഞ്ഞു. "യേശു ഇതിലേ വരുന്നു. അതാണ്." താൻ വിസ്മയ ഭരിതനായി. യേശുവിനെക്കുറിച്ച് ഏറെ കേട്ടിട്ടുണ്ട്, കാണാനാഗ്രഹിച്ചി ട്ടുണ്ട്. ഇന്നാമുഖം നേരിൽ കാണാമെന്നോ ? "ആവേശത്തോ ടെ അയാൾ പാതവക്കിലുള്ള വലിയ വൃക്ഷക്കൊമ്പിലേക്ക് കയറി. പാതയോരത്ത് ആർത്തിരമ്പുന്ന ജനക്കൂട്ടം. അവിടെ

നിന്നാൽ തനിക്ക് യേശുവിനെ കാണാനൊക്കില്ല. തൻെറ പൊക്കക്കുറവ് തന്നെ കാരണം. സക്കായിയുടെ കണ്ണുകൾ തെരുവീഥിയിലേക്ക് തിരിഞ്ഞു. "അതാ വരുന്നു യേശു" എന്ത് ? അവിടുന്ന് താനിരിക്കുന്ന മരക്കൊമ്പിലേയ്ക്ക് സൂക്ഷിച്ചു നോക്കുന്നുവല്ലോ ? "സക്കായിയേ ഇറങ്ങി വരൂ ഞാനിന്ന് നിൻെറ വീട്ടിലേയ്ക്ക് വരുന്നുണ്ട്." കയ്യുകളുയർത്തി യേശു വിളിച്ചു പറഞ്ഞു. അമ്പരന്ന സക്കായി മരത്തിൽ നിന്നും ചാടിയിറങ്ങി. അതെ, പാപമാകുന്ന വൃക്ഷക്കൊമ്പിൽ നിന്നും അയാളിറങ്ങി. ദിവ്യശോഭ ഓളം തല്ലുന്ന ദിവ്യനയനങ്ങളാലുള്ള ദിവ്യദർശനം ഏററ അയാൾ പുളകാർദ്രനായി. തമ്പുരാനോടൊപ്പം തൻെറ വീട്ടിലെത്തി വിഭവങ്ങളൊരുക്കി. സക്കായി യേശുവിനെ ഹാർദ്ദവമായി എതിരേററു. ശിഷ്യരോടൊപ്പം പന്തിയിൽ ഇരുന്ന യേശുനാഥനോടായി സക്കായി പറഞ്ഞു" പ്രഭോ ! അടിയൻ സാധുക്കളിൽ നിന്നും ഈടാക്കിയവ, അവർക്ക് ഇരട്ടിയായി തിരിച്ചു കൊടുക്കും. മാത്രമല്ല എൻെറ സമ്പത്ത് പാവങ്ങൾക്ക് കൊടുക്കാനും മനസാണ്." ഇത് കേട്ടു പുഞ്ചിരി തൂകി, യേശു അരുൾ ചെയ്തു. "ഇന്ന് ഈ വീട്ടിന് രക്ഷ കൈ വന്നിരിക്കുന്നു" സക്കായിയെ തിരുക്കരങ്ങളുയർത്തി അനുഗ്രഹിച്ചു. വിരുന്ന് പൂർത്തിയാക്കിയ ദിവ്യ നാഥൻ ശിഷ്യരോടൊപ്പം യാത്ര തിരിച്ചു. ആ യാത്രയെ അനുധാവനം ചെയ്ത സക്കായിയുടെ നയനങ്ങൾ സന്തോഷാശ്രു പൊഴിച്ചു. !

★ വി. ലൂക്കോസ് എഴുതിയ സുവിശേഷം 19-ാം അദ്ധ്യായം 2 മുതൽ 10 വരെയുള്ള - സക്കായിയുടെ വിവരണത്തെ ആസ്പദമാക്കിയുള്ള കഥയാണിത്.

★

# മൃത്യു

പി. മോഹനൻ-ചേനോളി

കൂടെ നടക്കും ചങ്ങാതി
നിദ്രക്കൊടുമുടി മുകളിൽ പോലും-
എൻ ഹൃദയച്ചൂടിൻ മാത്രകളെണ്ണിത്തൊട്ടു വിളിക്കാൻ,
സ്വപ്നത്തിര തല്ലിയണയ്ക്കാൻ,
നാനാവഴി പൊട്ടിച്ചെറിയാൻ,
നിഴലായ് കൂടെ നടക്കും ചങ്ങാതി.

തേടിനടക്കും നേരത്തങ്ങോ-
മറവിലിരുന്നിട്ടരുതെന്നോതും പിന്നെ-
മറവിക്കൂട്ടിലടച്ചിട്ടാർത്തു ചിരിക്കും നേരത്തല്ലോ-
കെട്ടിപ്പുണരും ചങ്ങാതി.
ഈ ചങ്ങാതിക്കുമെനിക്കും നടുവിലൊരിത്തിരി നേരം-
ഞാനീ ഇത്തിരി നേരം-
ഒത്തിരി ദൂരം കാണുന്നു-
തോളിൽ വ്യാമോഹത്തിൻ മഞ്ചവുമേറ്റി-
കൂനിക്കൂനി നടക്കുന്നു-
എന്തോ തേടിത്തേടി നടക്കുന്നു.

ഈ ചങ്ങാതിക്കെൻ പ്രാണനെ-
കൊക്കിലൊതുക്കാൻ,
നരജന്മമൊടുക്കാൻ,
നിണപ്പൂക്കളുരുക്കിച്ചുടലാഗ്നി ഝരിക്കാൻ,
അതിലെൻ ജന്മ ഫലത്തിൻ-
കെടുഗന്ധ മുയർത്താൻ,
സ്മൃതികളിലാവാഹിക്കാൻ,
നേരമൊരിത്തിരിയല്ലേ വേണ്ടൂ-
ഇത്തിരി നേരം മാത്രം.

★

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ

## 6 ഫിലദെൽഫ്യ സഭ (വെളി 3:7-13).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഏഷ്യാ മൈനറിലെ സർദ്ദീസിൽ നിന്നും ഏകദേശം നാല്പത്തഞ്ചു കിലോ മീററർ അകലെ തെക്ക് കിഴക്കായി സ്ഥിതി ചെയ്തിരുന്ന ഒരു പട്ടണമായിരുന്നു ഫിലദെൽഫ്യ. കൂടെക്കൂടെ ഭൂകമ്പങ്ങൾ ആ പ്രദേശത്തു ഉണ്ടായിക്കൊണ്ടിരുന്നതിനാൽ ജനവാസം ആ പട്ടണത്തിൽ വളരെ കുറഞ്ഞിരുന്നു. പെർഗ്ഗമൊസിലെ രാജാവായിരുന്ന അററാലസ് **(Attalas)** രണ്ടാമൻ, തന്റെ സഹോദരനായ ഫിലാദൽഫസിനോടുള്ള സ്നേഹ വാത്സല്യാതിരേകത്താൽ, അദ്ദേഹത്തിന്റെ സ്മരണയെ നിലനിർത്തുന്നതിനു വേണ്ടി പണികഴിപ്പിച്ചതാണ് ഫിലദെൽഫ്യ പട്ടണം. അതിനാൽ ആ നാമധേയത്തിൽ തന്നെ പ്രസ്തുത പട്ടണം അറിയപ്പെട്ടിരുന്നു. ഫിലദെൽഫ്യ എന്ന വാക്കിന്നു സഹോദര സ്നേഹം **(Brotherly love)** എന്ന അർത്ഥമാണ് ഉള്ളത്.

ആ കാലത്ത് ഫിലദെൽഫ്യ പട്ടണം വാണിജ്യ പരമായി വളരെ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ധാരാളം മുന്തിരി തോട്ടങ്ങൾ ഉണ്ടായിരുന്ന പ്രദേശമായിരുന്നതിനാൽ വീഞ്ഞു ഉൽപാദനം ആ ദേശത്തിലെ വളരെ പ്രധാനപ്പെട്ട വരുമാനമായിരുന്നു. കൂടാതെ തുകൽ ഉല്പന്നങ്ങളും തുണിത്തരങ്ങളും ഫിലദെൽഫ്യ പട്ടണത്തിൽ നിർമ്മിച്ചിരുന്നു. തുറമുഖ നഗരങ്ങളെ ബന്ധപ്പെടുത്തുന്ന ധാരാളം റോഡുകൾ ആ പട്ടണത്തിലൂടെ കടന്നു പോയിരുന്നതിനാൽ വാണിജ്യ സംബന്ധമായ അഭിവൃദ്ധി ഫിലദെൽഫ്യ പട്ടണത്തിന്

കൈ വന്നിരുന്നു. ഗ്രീക്ക് ഭാഷയും സാഹിത്യങ്ങളും ആ പട്ടണത്തെ വളരെയേറെ സ്വാധീനിക്കുകയും ചെയ്തിരുന്നു.

അവിടത്തെ ജനങ്ങൾ ചക്രവർത്തിമാരെ ആരാധിച്ചിരുന്നവരാണ്. അതോടൊപ്പം ഡയൊനിസ്സസിൻെറയും മററു പല ദേവതകളുടെയും ക്ഷേത്രങ്ങളും കൂടാതെ അവരുടെ നാമധേയത്തിൽ ധാരാളം ഉത്സവങ്ങളും നടന്നു വരികയും ചെയ്തിരുന്നു.

ആസ്യയിൽ മററു സ്ഥലങ്ങളിൽ ക്രിസ്തുവിൻെറ സഭകൾ സംജാതമായി തീർന്നതോടൊപ്പം ഫിലദെൽഫ്യ പട്ടണത്തിലും സഭ സ്ഥാപിതമായിരുന്നുവെന്ന് കരുതാം. ഫിലദെൽഫ്യ എന്ന വാക്കിന് സഹോദര സ്നേഹം എന്ന് അർത്ഥമുള്ളതിനാൽ മാത്രമല്ല അവിടത്തെ ക്രിസ്തുവിൻെറ സഭ സഹോദര സ്നേഹമുള്ളവരായിരുന്നതു എന്ന് അനുമാനിക്കുന്നതിൽ തെററില്ല. സുവിശേഷത്തിൻെറ വെളിച്ചം ക്രിസ്തുവിൻെറ സഭകളിൽ പൂരിതമാകുമ്പോൾ ഉണ്ടാകുന്ന അനുഭവഗുണങ്ങളിൽ ഒന്നാണ് സഹോദര സ്നേഹം. ക്രിസ്തുവിൻെറ സുവിശേഷം എല്ലാ കാലത്തും എവിടേയും മനുഷ്യഹൃദയങ്ങളിൽ വലിയ മാററം വരുത്തിക്കൊണ്ടിരിക്കുന്നവയാണ്. അതു പോലെ തന്നെ ഫിലദെൽഫ്യ സഭയിലും സുവിശേഷം അവിടത്തെ ജനങ്ങളിൽ വലിയ ഉണർവും പരിവർത്തനവും വരുത്തിയിരുന്നു.

ഫിലദെൽഫ്യ സഭയ്ക്കുള്ള ദൂത് നല്കുന്ന കർത്താവിൻെറ സവിശേഷത "വിശുദ്ധനും, സത്യവാനും ദാവീദിൻെറ താക്കോലുള്ളവനും ആയി ആരും അടെക്കാതവണ്ണം തുറക്കുകയും ആരും തുറക്കാതവണ്ണം അടെക്കുകയും ചെയ്യുന്നവൻ" എന്നതാണ് (വെളി. 3:7).

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവം വിശുദ്ധനും സത്യവാനും ആകുന്നതു പോലെ തന്നെ അവന്റെ പുത്രനായ യേശുക്രിസ്തുവും അപ്രകാരം തന്നെയാണ്. അതേ തുല്യതയോട് ഉപമിക്കുവാൻ ലോകത്തിൽ മറഞ്ഞു പോയവരോ ജീവനോടെ ഇരിക്കുന്നവരോ മററാരും തന്നെ ഇല്ല. പുരാണാദിഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്ന ദേവന്മാരും തുല്യരല്ല. "യഹോവേ, ദേവന്മാരിൽ നിനക്ക് തുല്യൻ ആർ ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്ക് തുല്യൻ ആർ?" (പുറ. 15:11). യഹോവയായ ദൈവവും പുത്രനായ യേശുക്രിസ്തുവും തമ്മിലുള്ള സ്വഭാവ ഗുണങ്ങളുടെ തുല്യത മനുഷ്യർക്ക് ആർക്കും വേർ തിരിച്ചു കാണിക്കാനോ പഠിപ്പിക്കാനോ അസാദ്ധ്യമാണ്.

യഹോവയായ ദൈവം വലിയ ദൈവം എന്നും പുത്രനായ യേശുക്രിസ്തു ചെറിയ ദൈവം എന്നും തരം താഴ്ത്തി പഠിപ്പിക്കയും ദുരുപദേശങ്ങൾ ജനസമൂഹത്തിൽ പ്രചരിപ്പിക്കയും ചെയ്യുന്ന 'യഹോവാ സാക്ഷികൾ' എന്ന ഒരു കൂട്ടർ എത്ര ഹീനമായ രീതിയിലാണ് അവർ മററുള്ളവരെ പഠിപ്പിച്ചു വരുന്നത്? യേശുക്രിസ്തു തന്നെ തിരുവചനത്തിലൂടെ നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നത് നാം ഓർക്കുക. "പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതു പോലെ അവരും നമ്മിൽ ആകേണ്ടതിന്ന് തന്നേ. നാം ഒന്നായിരിക്കുന്നതു പോലെ അവരും ഒന്നാകേണ്ടതിന്ന് ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിന്ന് തന്നേ" (യോഹ. 17:21-23). പിന്നെയും കർത്താവ് പറയുന്നു. "പിതാവ് എന്നിലും ഞാൻ പിതാവിലും എന്നു നിങ്ങൾ ഗ്രഹിച്ചു അറിയേണ്ടതിന്നു പ്രവൃത്തിയെ വിശ്വസിപ്പിൻ" (യോഹ. 10:38). മനുഷ്യ വർഗ്ഗത്തോടുള്ള ദൈവത്തിന്റെ സാക്ഷ്യം അവന്റെ പുത്രനെ കുറിച്ചുള്ളതാകുന്നു. "ദൈവത്തിന്റെ സാക്ഷ്യമോ അവൻ തന്റെ പുത്രനെക്കുറിച്ചു സാക്ഷീകരിച്ചിരിക്കു

ന്നതു തന്നേ." (1 യോഹ.2:9). ആയതിനാൽ യഹോവയായ ദൈവവും പുത്രനായ യേശുക്രിസ്തുവും ഒന്നല്ലെന്നും സ്വഭാവത്തിലും പ്രവൃത്തിയിലും തുല്യത ഇല്ലെന്നും പഠിപ്പിക്കുന്ന ദുരുപദേശക്കാരെ നാം എപ്പോഴും സൂക്ഷിച്ചു കൊള്ളണം.

യഹോവയായ ദൈവത്തിൻെറയും പുത്രനായ യേശുക്രിസ്തുവിൻെറയും തുല്യമായ സ്വഭാവ ഗുണവിശേഷതകൾ വളരെയേറെ ബൈബിളിൽ നമ്മെ ചൂണ്ടിക്കാണിക്കുന്നു. അവയിൽ ഉൾപ്പെടുന്ന ചില സവിശേഷതകളാണ് "വിശുദ്ധി", "സ്നേഹം", 'സത്യം', 'മഹിമ', 'സ്തുതികൾക്കു യോഗ്യൻ', 'അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവൻ', 'അത്യുന്നതൻ', 'നീതിമാൻ', 'കരുണ നിറഞ്ഞവൻ', 'സന്തോഷവും, സമാധാനവും പ്രദാനം ചെയ്യുന്നവൻ; നിത്യ ജീവനെ നല്കുന്നവൻ ദോഷത്തെ വെറുക്കുന്നവൻ, പാപികളെ സ്നേഹിക്കുന്നവൻ ശത്രുക്കളെ സ്നേഹിക്കുന്നവൻ, ന്യായവിധി നടത്തുന്നവൻ ! തുടങ്ങിയ അനേകം കാര്യങ്ങളിൽ ദൈവത്തിനും യേശുക്രിസ്തുവിനും തമ്മിലുള്ള തുല്യത ബൈബിൾ തെളിവാക്കി കാണിക്കുന്നുണ്ട്.

പിതാവായ ദൈവത്തെപ്പോലെ തന്നെ പുത്രനായ യേശുക്രിസ്തുവും വിശുദ്ധനും, സത്യവാനും ആകുന്നു. യേശുക്രിസ്തു തൻെറ ദൈവത്വത്തെയും മശിഹാത്വത്തെയും വളരെ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നു. "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ സർവ്വ ഭൂമിയും അവൻെറ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നു " (യെശ.6:3)". ആകയാൽ നിങ്ങൾ എന്നെ ആരോടു സദൃശമാക്കും ? ഞാൻ ആരോടു തുല്യനാകും എന്നു പരിശുദ്ധനായവൻ അരുളിച്ചെയ്യുന്നു." (യെശ. 40:25).

(ശേഷം അടുത്ത ലക്കത്തിൽ)

★

# വീക്ഷാ ഗോപുരത്തിലെ യഹോവ

സാജു ജോർജ്

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

വീക്ഷാ ഗോപുരവിശ്വാസികൾ അവരുടേതായ ഉപദേശം മനുഷ്യരിലേയ്ക്ക് പകരുന്നതിന് ദൈവ വചനത്തിൽ നിന്നും ഉപയോഗിക്കുന്ന ഭാഗങ്ങൾ നാം പരിശോധിച്ച് അവയുടെ അർത്ഥം അവർ വിവരിക്കുന്ന രീതിയിൽ തന്നെയാണോ എന്നാണല്ലോ നാം പഠിച്ചുകൊണ്ടിരിക്കുന്നത്.

അവരുടേതായ തർജ്ജിമയിൽ നിന്നും അല്ലാതെ മററ് തർജ്ജിമകളിൽ (Versions) നിന്നും അവർ വായിക്കുവാൻ ഇഷ്ടപ്പെടുന്ന ഭാഗങ്ങളിൽ ഒന്നാണ് മേൽ സൂചിപ്പിച്ച വേദവാക്യം. King James തർജ്ജിമയിൽ (English)-ഈ ഭാഗം വായിച്ചു കാണിക്കുവാൻ അവർ വളരെ ഇഷ്ടപ്പെടും-കാരണം അതിൽ JEHOVAH എന്ന് വലിയ അക്ഷരത്തിലാണ് ചേർത്തിരിക്കുന്നത്. ബൈബിളിൽ യഹോവ എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങളിലേയ്ക്ക് സാധാരണക്കാരൻെറ ശ്രദ്ധ ക്ഷണിക്കുന്നതിനായി പുറപ്പാട് 6:3, സങ്കീർത്തനം 83:18, യെശയ്യാവ് 12:2, 26, 4 എന്നീ ഭാഗങ്ങൾ പെട്ടെന്ന് ചൂണ്ടിക്കാട്ടും. യഹോവയെ-ആ നാമം വിളിച്ച് ആരാധിക്കുകയും, അനുഗമിക്കുകയും ചെയ്യുന്നവർ തങ്ങളാണെന്ന് സ്ഥാപിക്കുവാൻ അവർ എല്ലാ തരത്തിലും ശ്രമിക്കും.

പക്ഷേ യഹോവ എന്ന നാമം ഉപയോഗിക്കുന്നു എന്ന കാരണത്താൽ ദൈവത്താൽ അവർ അംഗീകരിക്കപ്പെട്ടവരാണെന്ന് പറയുവാൻ കഴിയുമോ ? (Using a name for God does not guarantee that the user knows God or is approved by him).

ഉദാഹരണമായി.....അനുസരണക്കേടുമൂലം ദൈവസന്നിധിയിൽ നിന്നും പുറത്തായ ഹവ്വ തന്റെ ആദ്യജാതനെ പ്രസവിക്കുന്നതിന്റെ ബന്ധത്തിൽ ഇപ്രകാരം "യഹോവയാൽ എനിക്കു ഒരു പുരുഷപ്രജ ലഭിച്ചു എന്നു പറഞ്ഞു" (ഉൽപത്തി 4:1). യഹോവയുടെ നാമം ഉപയോഗിച്ച് ഹവ്വ ഇപ്രകാരം പ്രസ്താവിച്ചുവെങ്കിലും ആ പ്രസ്താവനയ്ക്ക് ദൈവത്തിന്റെ അംഗീകാരത്തോടെയായിരുന്നുവോ? കയീൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനായിരുന്നുവോ?

യഹോവസാക്ഷിക്കാരോട് സംസാരിക്കുമ്പോൾ, നിങ്ങൾ യഹോവയുടെ നാമം ധരിക്കുന്നതുകൊണ്ട് നിങ്ങൾ യഹോവയുടെ അംഗീകാരമുള്ളവരാകണമെന്ന് നിർബന്ധമില്ല എന്ന സംഗതി വ്യക്തമാക്കുന്നതിനായി മത്തായി 7:22-23 വായിപ്പിക്കുക. വ്യക്തമാക്കി കൊടുക്കുക!

## സങ്കീർത്തനം 110:1

'The LORD Said unto My Lord, sit thou at my right hand, Until I make thine enemies Thy foot stool' -KJV

"യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്; ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലത്തു ഭാഗത്തിരിക്ക"

വീക്ഷാഗോപുര സിദ്ധാന്തം പ്രചരിപ്പിക്കുന്നതിനായി ഭവനങ്ങൾ തോറും കയറി ഇറങ്ങുന്ന അവരുടെ പ്രവർത്തകർ ഈ വേദ ഭാഗം വായിപ്പിക്കും. വായിക്കുന്ന വ്യക്തി 'The LORD Said unto my Lord" എന്ന് വായിക്കുമ്പോൾ കർത്താവ് എങ്ങിനെ കർത്താവിനോടു തന്നെ സംസാരിക്കും; എന്ന് ചിന്തിച്ച് ആശയക്കുഴപ്പത്തിലെത്തുന്നു. ഉടൻ അവർ അവരുടേതായ തർജ്ജിമയിൽ (New world Translation)- ൽ നിന്ന് The utterance of Jehovah to my Lord is..." എന്ന് വായിച്ചു കേൾപ്പിക്കും. എന്നിട്ട്... അവരുടെ ബൈബിൾ തർജ്ജിമയാണ് സത്യസന്ധമായതും, ഏററവും ശരിയായിട്ടു

ഉള്ളതെന്നും പറഞ്ഞ് ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കും. കൂടാതെ അവർ മറ്റൊരു കാര്യം കൂടി സ്ഥാപിക്കുവാൻ ഒരു വേദ ഭാഗത്തിലൂടെ ശ്രമിക്കുന്നത്.... യേശുക്രിസ്തു ദൈവമല്ല എന്ന് വരുത്തുന്നതിനാണ്. ദൈവമായിരുന്നെങ്കിൽ യേശുവിനോടും ദൈവം എങ്ങനെ സംസാരിക്കും. വെറും സൃഷ്ടികളോടു മാത്രമാണ് ദൈവം സംസാരിക്കുന്നത് എന്നെല്ലാം വ്യാഖ്യാനിക്കും.

വളരെ സൂക്ഷ്മമായി ശ്രദ്ധിക്കേണ്ട ഒരു വേദഭാഗമാണിത്. സങ്കീർത്തനക്കാരന്റെ കർത്താവിനോടും (the Messiah, Psalmist's, Lord) യഹോവ അരുളിച്ചെയ്യുകയാണ്. അതായത് പിതാവായ ദൈവം പുത്രനോടു സംസാരിക്കുന്നു.

യേശുവിനോടും യഹോവ സംസാരിച്ചു എന്നതിനാൽ യേശു ദൈവമല്ല എന്ന് പറയുവാൻ കഴിയുകയില്ല. പുതിയ നിയമത്തിൽ പിതാവായ ദൈവവും യേശുവും തമ്മിൽ സംസാരിക്കുന്ന പല ഭാഗങ്ങളും ഉണ്ട്. **This does not disprove the deity of Christ.** വചനത്തിൽ പിതാവ് ദൈവമെന്നും (യോഹന്നാൻ 6:27 etc ) പുത്രൻ ദൈവമെന്നും (യെശയ്യാവ് 9:6, യോഹന്നാൻ 20:28 etc), പക്ഷേ ദൈവം ഏകൻ മാത്രമെന്നും (1 കൊരിന്ത്യർ 8:4) പറയുന്നു. മാനുഷിക ബുദ്ധികൊണ്ടു പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയാത്ത ഒരു ദൈവീകകാര്യമാണിത്. ലൗകികമായ മാനദണ്ഡത്താൽ, അളവുകോലിനാൽ, അറിവിനാൽ... ആ പരിമിതിക്കുള്ളിൽ ദൈവം എന്ന സത്യം ഒതുക്കിനിർത്തുവാൻ ശ്രമിക്കുന്നത് അസാദ്ധ്യമാണ് ! **He is from the realms above, We are from the realms below. His ways are beyond our full Understanding. So is it right to assume that God must fit into the logical Patterns of our world ?**

സ്വർഗ്ഗസ്ഥനായ പിതാവ് ഭൂമിയിലായിരിക്കുന്ന പുത്രനോടു സംസാരിക്കുന്നു എന്ന കാരണം കാട്ടി... യേശു.

ദൈവമല്ല എന്നും....യേശു ദൈവമാണ് എങ്കിൽ സ്വർഗ്ഗത്തിൽ ദൈവം ഉണ്ടാകുകയില്ലല്ലോ, കാരണം ദൈവം ഏകൻ എന്നാണല്ലോ ?.... ഇപ്രകാരമെല്ലാം ചിത്രീകരിച്ചുകൊണ്ടും ക്രിസ്തുവിന്റെ ദൈവീകത്വത്തെ ഇല്ലാതാക്കി വെറും കേവലം ഒരു സൃഷ്ടിയായി ക്രിസ്തുവിനെ അധിക്ഷേപിക്കുവാനുള്ള അവരുടെ ശ്രമത്തെ ചെറുക്കുന്നതിനും....അവരെ ആ അന്ധതയിൽ നിന്ന് രക്ഷിക്കുന്നതിനും... പഴയനിയമത്തിൽ ഉൽപത്തി 18, 19 അദ്ധ്യായങ്ങളിലേക്ക് അവരെ കൊണ്ടുവരിക. യഹോവ അബ്രഹാമിന് പ്രത്യക്ഷനാകുന്നു. മൂന്നു പുരുഷന്മാർ **(three men or angles. Genesis 18:1-2)** നിൽക്കുന്നതു കാണുന്നു. **Abraham addressed the three as 'Jehovah'.** ഈ മൂന്നു പേരെയും അഭിസംബോധന ചെയ്യുമ്പോൾ അബ്രഹാം 'യഹോവ' എന്നാണ് അവരെ വിളിക്കുന്നത് **(Gen 18:3-in english).** ആ മൂന്നു പേരിൽ രണ്ടു പേർ അബ്രഹാമിന്റെ അടുക്കൽ നിന്നും സോദോമിലേയ്ക്ക് പോകുന്നു. പക്ഷേ എന്നിട്ടും....അവശേഷിച്ച ഏകവ്യക്തിയെ അബ്രഹാം യഹോവ എന്നു തന്നെ വിളിക്കുന്നു. 18:22, 19:1 ആ രണ്ടുപേർ സോദോമിലെത്തി അബ്രഹാമിന്റെ ചാർച്ചക്കാരനായ ലോത്തുമായി കണ്ടുമുട്ടുമ്പോൾ ലോത്ത് ആ രണ്ടു പേരെ വിളിക്കുന്നത് യഹോവ **(Lord-കർത്താവ്)** എന്നാണ്. സോദോം നശിപ്പിക്കപ്പെട്ടപ്പോൾ വീക്ഷാഗോപുര തർജ്ജിമയിൽ പോലും പറയുന്നത്" "യഹോവ, യഹോവയുടെ സന്നിധിയിൽ നിന്നും തീയും ഗന്ധകവും വർഷിപ്പിച്ചു" എന്നാണ്. ഉൽപത്തി 19:24.

(ശേഷം അടുത്ത ലക്കത്തിൽ)

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays—9:00 to 9:15 P.M.
Fridays —7:45 to 8:00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12:45 to 1:00 P.M.
Tuesdays — 9:00 to 9:15 P.M.
Thursdays — 9:00 to 9:15 P.M.
Fridays — 9:00 to 9:15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2:30 to 2:45 P.M.
Tuesdays — 2:30 to 2:45 P.M.
Thursdays— 2:30 to 2:45 P.M.
Fridays — 2:30 to 2:45 P.M.
Saturdays — 2:30 to 2:45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5:30 to 5:45 P.M.
Thursdays — 6:45 to 7:00 P.M.
Sundays — 6:45 to 7:00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays—3:45 to 4:00 P.M.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box, 448, Bangalore—560004
Sundays 1:45 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N)22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034

To